بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 18.10.2019 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*ഗയ്സൻ, ജർമ്മനിയിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം*

## നബി(സ)തിരുമേനിയുടെ ആദരണീയരായ ബദരീ സഹാബിമാരുടെ(റ) സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസ വർദ്ധകമായ വിവരണങ്ങൾ

اَشۡھَدُ اَنۡ لَّآ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡھَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ الرَّحۡمٰنِ الرَّحِيۡمِ ۙ مٰلِكِ يَوۡمِ الدِّيۡنِ ؕ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ۬ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَ لَا الضَّآلِّيۡنَ ؓ

തശഹ്ഹുദും തഅവ്വുദും സുറ: ഫാത്തിഹയും ഓതിക്കൊണ്ട് ഹുസൂർ പറഞ്ഞു; നബി(സ) തിരുമേനിയുടെ ബദരീ സ്വഹാബികളെക്കുറിച്ച് ഞാൻ തുടങ്ങിവച്ച വിവരണം തന്നെയാണ് ഇന്നും തുടരുന്നത്. ഹദ്റത്ത് ഖുബൈ ബുബിൻ അദിയ്യിനെ ക്കുറിച്ചുള്ള പരാമർശമാണ് നടന്നു കൊണ്ടിരുന്നത് അതിലെ കുറച്ചു ഭാഗങ്ങൾ വിവരിക്കാൻ ബാക്കിയുണ്ടായിരുന്നു. ശഹാദത്തിന്റെ സമയത്ത് അദ്ദേഹം അല്ലാഹുവിനോടു ദുആ ചെയ്തു; നബി(സ) തിരുമേനിക്ക് എന്റെ സലാം എത്തിക്കേണമേ. അല്ലാഹു അദ്ദേഹത്തിന്റെ സലാം നബി(സ) തിരുമേനിക്ക് എത്തിക്കുകയും ചെയ്തു. അപ്പോൾ ഒരു സദസ്സിൽ ഇരിക്കുകയായിരുന്ന നബിതിരുമേനി വഅലൈക്കുമുസ്സലാം എന്നു പറയുകയും അദ്ദേഹം ശഹീദായിരിക്കുന്നു എന്ന് അവിടെയുണ്ടായിരുന്ന സ്വഹാബാക്കളോടു പറയുകയും ചെയ്തു.

ഹദ്റത്ത് ഖുബൈബുബിൻ അദിയ്യിനെ തടവിലാക്കിയ സംഭവത്തെക്കുറിച്ച് ഇങ്ങനെയും ഒരു നിവേദനമുണ്ട് അതായത്, ഹദ്റത്ത് ഖുബൈബ് തടവിലായിരുന്ന വീട്ടിലെ ഹുജൈർ ബിൻ അബൂ ഈഹാബിന്റെ സ്വതന്ത്രയാക്കപ്പെട്ട അടിമസ്ത്രീയായിരുന്നു മുആവിയ. പിന്നീട് അവർ മുസ്ലിമായി. അവർ പറയുമായിരുന്നു; ഹദ്റത്ത് ഖുബൈബിനെക്കാളും നല്ല ഒരാളെ ഞാൻ കണ്ടിട്ടേയില്ല. ഞാൻ വാതിൽപ്പഴുതിലൂടെ നോക്കുമായിരുന്നു. അദ്ദേഹത്തെ ചങ്ങലകളിൽ ബന്ധിച്ചിരിക്കുകയായിരുന്നു. അപ്പോൾ ഭൂമിയിലെവിടെയും മുന്തിരിയുടെ ഒരു മണിപോലും കഴിക്കാനായി കിട്ടാത്ത സമയത്ത് ഹദ്റത്ത് ഖുബൈബിന്റെ കയ്യിൽ ഒരു മനുഷ്യശിരസ്സിന്റെ അത്രയും വലിപ്പമുള്ള മുന്തിരിക്കുല കാണുകയും അദ്ദേഹം അതിൽ നിന്നും കഴിക്കുകയും ചെയ്യുമായിരുന്നു. അല്ലാഹുവിന്റെ രിസ്ഖ് അല്ലാതെ മറ്റൊന്നുമല്ലായിരുന്നു അത്. ഹദ്റത്ത് ഖുബൈബ് തഹജ്ജുദ് നമസ്കാരത്തിൽ ഖുർആൻ പാരായണം ചെയ്യുന്നത് കേട്ട് സ്ത്രീകൾ കരയുമായിരുന്നു. ഹദ്റത്ത് ഖുബൈബിനോട് അവർക്ക് കരുണ തോന്നുമായിരുന്നു. അവർ(മുആവിയ) പറയുന്നു; ഒരു ദിവസം ഞാൻ ഖുബൈബിനോടു, നിങ്ങൾക്ക് വല്ലതും ആവശ്യമുണ്ടോ എന്ന് ചോദിച്ചു. ഇല്ല എന്ന് മറുപടി പറഞ്ഞു. ഒരിക്കൽ ഖുബൈബ് എന്നോടു പറഞ്ഞു എനിക്കൊരു ക്ഷൗരക്കത്തി കൊടുത്തു വിടുക ഞാനൊന്ന് വൃത്തിയാകട്ടെ. ഞാനെന്റെ മകൻ അബൂഹുസൈനിന്റെ കയ്യിൽ ക്ഷൗരക്കത്തി കൊടുത്തുവിട്ടു. കുട്ടിയെ വിട്ടുകഴിഞ്ഞപ്പോൾ ഞാൻ ചിന്തിച്ചു, ഞാനിതെന്താണീ ചെയ്തത് എന്റെ മകൻ അയാളുടെ അടുത്താണ്. അയാളുടെ കയ്യിൽ കത്തിയുമുണ്ട് അയാൾ പ്രതികാരം തീർത്തേക്കാം. ഹദ്റത്ത് ഖുബൈബ് ആ ക്ഷൗരക്കത്തി വാങ്ങിക്കൊണ്ട് കുട്ടിയോടു തമാശയായി പറഞ്ഞു നീ വലിയ ധൈര്യശാലിയാണ്. നിന്റെ മാതാവിന് ഞാൻ വിശ്വാസവഞ്ചന കാണിക്കുമെന്ന ഭയമില്ലെ. എന്നെ വധശിക്ഷ യ്ക്കു വിധിച്ചിരിക്കെ എന്റെ അടുത്തേക്ക് നിന്റെ കയ്യിൽ ക്ഷൗരക്കത്തി കൊടുത്തു വിട്ടിരിക്കുന്നു. ഹദ്റത്ത് മുആവിയ പറയുന്നു; ഞാൻ അതു കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഞാൻ പറഞ്ഞു; അല്ലയോ ഖുബൈബ് അല്ലാഹുവിലുള്ള വിശ്വാസത്താലാണ് നിന്നെക്കുറിച്ചു ഭയപ്പെടാതിരുന്നത്. നിന്റെ ആരാധ്യനിൽ ഭരമേല്പിച്ചുകൊണ്ടാണ് കുട്ടിയുടെ കയ്യിൽ ക്ഷൗരക്കത്തി കൊടുത്തു വിട്ടത് അല്ലാതെ എന്റെ മകനെ കൊല്ലുന്നതിനു വേണ്ടിയല്ല. ഹദ്റത്ത് ഖുബൈബ് പറഞ്ഞു; ഞാനങ്ങനെ അവനെ കൊല്ലുന്നവനല്ല. വിശ്വാസവഞ്ചന കാണിക്കാൻ ഞങ്ങളുടെ മതം അനുവദിക്കുന്നില്ല. അവർ (മുആവിയ) പറയുന്നു; നിങ്ങളെ നാളെ രാവിലെ വധിക്കുവാനായി കൊണ്ടുപോകുന്നതാണെന്ന് ഞാൻ അറിയിച്ചു. അടു

ത്ത ദിവസം അദ്ദേഹത്തെ ചങ്ങലയിൽ ബന്ധിച്ചു കൊണ്ട് മക്കയിൽ നിന്നും മദീനയിലേക്കുള്ള മൂന്നു മൈൽ ദൂരത്തുള്ള തൻഈം എന്ന സ്ഥലത്തേക്കു കൊണ്ടുപോയി. ഖുബൈബിന്റെ കൂടെ സൈദ് ബിൻ ദസ്നയെയും വധിക്കാനായി കൊണ്ടു പോകുകയുണ്ടായി. അത് കണ്ട് ആസ്വദിക്കാൻ കുട്ടികളും സ്ത്രീകളും അടിമകളും മക്കയിലെ നിരവധി ആളുകളും അവിടെ എത്തിച്ചേർന്നു. മക്കയിൽ ഇനി ആരും ബാക്കിയുണ്ടായിരുന്നില്ല.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതുന്നു; അത് കണ്ട് ആസ്വദിക്കാൻ വന്നവരിൽ മക്കയിലെ നേതാവായിരുന്ന അബൂസൂഫിയാനും ഉണ്ടായിരുന്നു. അയാൾ സൈദിനെ നോക്കിക്കൊണ്ട് ചോദിച്ചു; മുഹമ്മദ് നിങ്ങളുടെ സ്ഥാനത്തും നിങ്ങൾ നിങ്ങളുടെ വീട്ടിൽ സുഖമായിരിക്കുകയും ചെയ്യുന്നത് നിങ്ങളിഷ്ടപ്പെടുന്നില്ലെ. സൈദ് വളരെ കോപത്തോടെ പറഞ്ഞു; അബൂസുഫിയാൻ നീ എന്താണു പറയുന്നത് അല്ലാഹുവാണ! മദീനയുടെ തെരുവു വീഥികളിൽ നിന്നും നബി(സ) തിരുമേനിയുടെ കാലിൽ ഒരു മുള്ള് കൊള്ളുന്നതിലും ഭേദം ഞാൻ മരിക്കുന്നതാണ്. ഈ അർപ്പണബോധം അബൂസുഫിയാനെ സ്വാധീനിക്കാതിരുന്നില്ല. അയാൾ അതിശയത്തോടെ അദ്ദേഹത്തെ നോക്കി ക്കൊണ്ടു പതിഞ്ഞ സ്വരത്തിൽ പറഞ്ഞു; ദൈവം സാക്ഷി, മുഹമ്മദിന്റെ അനുചരൻമാർ മുഹമ്മദിനെ സ്നേഹിക്കുന്നത്ര ഒരാളും മറ്റൊരാളെ സ്നേഹിക്കുന്നത് ഞാൻ കണ്ടിട്ടില്ല.

ഹുസൂർ പറഞ്ഞു; ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉബയ്യി ബ്നു സുലൂലിനെക്കുറിച്ചാണ് അടുത്തതായി പറയാൻ പോകുന്നത്. അൻസ്വാറുകളുടെ ഗോത്രമായ ഖസ്റജിന്റെ ശാഖയായ ബനൂ ഔഫുമായിട്ടായിരുന്നു അദ്ദേഹത്തിനു ബന്ധം. കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹി ബ്നു ഉബയ്യിബ്നു സുലൂലിന്റെ മകനായിരുന്നു അദ്ദേഹം. അങ്ങേയറ്റത്തെ ശുദ്ധനും ജീവത്യാഗിയും അർപ്പണബോധമുള്ളയാളുമായിരുന്നു. ജാഹിലിയ്യാ കാലത്ത് അബ്ദുല്ലായുടെ പേര് ഖുബ്ബാബ് എന്നായിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ ആ പേര് മാറ്റി അബ്ദുല്ലാഹ് എന്നു വച്ചു. ഖുബാബ് എന്നത് ശയ്ത്വാന്റെ പേരാണ് എന്നു പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാഹ് ഇസ്ലാം സ്വീകരിച്ചു ആദരണീയരായ സ്വഹാബികളിൽ അദ്ദേഹം ഉൾപ്പെട്ടിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് നബി(സ)തിരുമേനിയോടൊപ്പം ബദർ, ഉഹ്ദ് തുടങ്ങി മറ്റെല്ലാ യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു. അദ്ദേഹത്തിന് എഴുത്തും വായനയും അറിയാമായിരുന്നു. ഹദ്റത്ത് ആയിശ അബ്ദുല്ലായിൽ നിന്നും ഹദീസുകൾ നിവേദനം ചെയ്തിട്ടുണ്ട്. കാത്തിബെ വഹ്യ് വഹ്യ് എഴുതുന്നയാളാകാനും അദ്ദേഹത്തിനു ഭാഗ്യം ലഭിച്ചിട്ടുണ്ട്. ഒരു നിവേദനത്തിൽ വരുന്നു, ഉഹദ് യുദ്ധത്തിൽ അദ്ദേഹത്തിന്റെ അബ്ദുല്ലായുടെ രണ്ടു പല്ലുകൾ പൊട്ടിപ്പോയിരുന്നു നബി(സ) തിരുമേനി അദ്ദേഹത്തിന് സ്വർണ്ണപ്പല്ലുകൾ വയ്ക്കാൻ നിർദ്ദേശം നൽകി.

ഉഹദു യുദ്ധത്തിൽ അബൂസുഫിയാൻ മുസ്ലിംകളോട്, നമുക്ക് അടുത്ത വർഷം ബദർ മൈതാനത്ത് വീണ്ടും കാണാം എന്നു പറഞ്ഞ് വെല്ലുവിളിച്ചിരുന്നു. ആ വെല്ലുവിളി സ്വീകരിച്ചതായി വിളംബരം ചെയ്യാൻ നബി(സ) പറഞ്ഞു. അങ്ങനെ അടുത്ത വർഷം ശവ്വാൽ മാസത്തിന്റെ അവസാനത്തിൽ നബി(സ)തിരുമേനി 1500 സ്വഹാബികളോടൊപ്പം മദീനയിൽ നിന്നും പുറപ്പെട്ടു. മറുവശത്ത് അബൂസുഫിയാനുബ്നു ഹറബ് രണ്ടായിരം ഖുറൈശി പ്പടയുമായി മക്കയിൽ നിന്നും പുറപ്പെട്ടു. എന്നാൽ ഇത്ര വലിയ സംഘമായിരുന്നിട്ടും അയാളുടെയുള്ളിൽ ഭയമായിരുന്നു. മുസ്ലിംകളുമായി കണ്ടുമുട്ടരുത് എന്നയാൾ ആഗ്രഹിച്ചിരുന്നു. അങ്ങനെ അയാൾ മദീനയിലേക്ക് ആളെ അയച്ചു. അയാൾ മദീനയിലെത്തി മുസ്ലിംകളുടെ മുന്നിൽ ഖുറൈശികളുടെ ശക്തിയെയും അവരുടെ തയ്യാറെടുപ്പിനെയും കുറിച്ച് കള്ളകഥകൾ കേൾപ്പിച്ചു കൊണ്ട് അസ്വസ്ഥതയുണ്ടാക്കാൻ ശ്രമം നടത്തി. ചില ദുർബലവിശ്വാസികൾ എതിരാളികളാകുകയും ചെയ്തു. നബി(സ)തിരുമേനി മുസ്ലിംകൾക്ക് പറഞ്ഞു മനസ്സി ലാക്കികൊടുത്തു. അവർക്ക് ആത്മധൈര്യം നൽകി. ഏതുവരെയെന്നാൽ അവിടന്ന് പറഞ്ഞു; ഞാൻ ഒറ്റയ്ക്ക് പോയി യുദ്ധം ചെയ്യേണ്ടി വന്നാലും പോകുന്നതാണ്. അങ്ങനെ മുസ്ലിംകൾക്ക് ആത്മധൈര്യം കൈവന്നു. അവർ യുദ്ധത്തിനായി പുറപ്പെടാൻ തയ്യാറായി. അങ്ങനെ നബി(സ)തിരുമേനി 1500 സ്വഹാബികളോടൊപ്പം മക്കയിൽ നിന്നും പുറപ്പെട്ടു. മറുവശത്ത് അബൂസുഫിയാൻ രണ്ടായിരം സൈനികരുമായി മദീനയിൽ നിന്നും പുറപ്പെട്ടു. എന്നാൽ ദൈവിക തീരുമാനമനുസരിച്ച മുസ്ലിംകൾ വാഗ്ദാനപ്രകാരം ബദറിൽ എത്തിച്ചേർന്നു. എന്നാൽ ഖുറൈശികൾ അല്പദൂരം ചെന്ന് മക്കയിലേക്കുതന്നെ തിരിച്ചു പോയി. ഇസ്ലാമിക സൈന്യം എട്ടു ദിവസം ബദറിൽ തങ്ങി. പക്ഷെ ഖുറൈശികൾ വരാതിരുന്നതിനാൽ നബി(സ)തിരുമേനി മദീനയിലേക്കുതന്നെ തിരിച്ചുവന്നു. ഈ യുദ്ധം ബദറുൽ മൗഅദ് യുദ്ധം എന്നറിയപ്പെടുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ഹിജ്രി 12ന് ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്തു കാലത്ത് യമാ

മാ യുദ്ധത്തിൽ ശഹീദായി. ഹദ്റത്ത് ഉസാമാ ബിൻ സെയ്ദ് നിവേദനം ചെയ്യുന്നു. ഒരിക്കൽ നബി(സ) തിരുമേനി ഒരു മൃഗത്തിന്റെ പുറത്ത് യാത്ര ചെയ്തു കൊണ്ട് അബ്ദുല്ലാ ഹിബ്നു ഉബയ്യിബ്നു സുലൂൽ ഇരിക്കുന്ന ഒരു സദസ്സിനരികിലൂടെ കടന്നുപോകുക യായിരുന്നു. ആ സമയത്ത് അദ്ദേഹം മുസ്ലിം ആയി രുന്നില്ല. ആ സഭയിൽ കുറച്ചു മുശ്രിക്കുകളും കുറച്ചു യഹൂദികളും പിന്നെ കുറച്ച് മുസ്ലിംകളും ഇരിക്കു ന്നുണ്ടായിരുന്നു. ഹദ്റത്ത് അബ്ദുല്ലാ ഹിബിനു റവാ ഹയും ആ സദസ്സിൽ ഉണ്ടായിരുന്നു. യാത്രാമൃഗത്തി ന്റെ പൊടിപടലങ്ങൾ സദസ്സിൽ ഉയർന്നപ്പോൾ അബ്ദു ല്ലാഹിബ്നു ഉബയ്യ് തന്റെ പുതപ്പ് കൊണ്ട് മൂക്ക് മൂടി ക്കൊണ്ട് പറഞ്ഞു, ഞങ്ങളുടെ മേൽ പൊടി പാറിക്ക രുത്. നബി(സ) സലാം പറഞ്ഞതിനുശേഷം താഴെ യിറങ്ങി. അവരെ അല്ലാഹുവിലേക്ക് ക്ഷണിക്കുകയും അവർക്ക് വിശുദ്ധഖുർആൻ ഓതിക്കേൾപ്പിക്കുകയും ചെയ്തു. അപ്പോൾ അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂൽ പറഞ്ഞു; അല്ലയോ മനുഷ്യാ, നിങ്ങൾ ഈ പറയുന്നതിനെക്കാളും നല്ല വേറെ കാര്യവുമില്ല. എന്നാൽ ഞങ്ങളുടെ സദസ്സിൽ വന്നുകൊണ്ട് ഞങ്ങ ളെ ബുദ്ധിമുട്ടിക്കരുത്. നിങ്ങൾ നിങ്ങൾക്ക് വന്നിട ത്തേക്കു തന്നെ തിരിച്ചു പോകുക. അവിടെ വരുന്നവ ർക്ക് കേൾപ്പി ക്കുക. ഇതു കേട്ട് ഹദ്റത്ത് അബ്ദുല്ലാ ഹിബ്നു റവാഹ പറഞ്ഞു; യാ റസൂലല്ലാഹ് താങ്കൾ ഞങ്ങളുടെ സദസ്സിൽ വന്ന് ഓതിക്കേൾപ്പിച്ചാലും ഞങ്ങൾക്കതിഷ്ടമാണ്. അപ്പോൾ മുസ്ലിംകളും മുശ് രിക്കുകളും യഹൂദികളും പരസ്പരം അതുമിതും പറ യാൻ തുടങ്ങി. പരസ്പരം ആക്രമിക്കുമെന്ന ഘട്ടത്തി ലെത്തി. എന്നാൽ നബി(സ) തിരുമേനി അവരുടെ ആവേശത്തെ തണുപ്പിക്കുകയും അവരെ പറഞ്ഞു ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു. ഒടു വിൽ അവർ നിർത്തി. നബി(സ)തിരുമേനിയും സ്വഹാബികളും ബഹുദൈവ വിശ്വാസികൾക്കും മറ്റു ഗ്രന്ഥാനുസാരികൾക്കും പൊറുത്തു കൊടുക്കുകയും അവർ ശല്യപ്പെടുത്തുമ്പോൾ സഹനം കൈക്കൊ ള്ളുകയുമായിരുന്നു പതിവ്.

അവസാനം അല്ലാഹു അവർക്ക് അനുമതി നൽകി. ബദറിൽ വച്ച് നബി(സ)തിരുമേനി അവരോടേറ്റുമുട്ടി. ആ യുദ്ധത്തിൽ അല്ലാഹു ഖുറൈശികളിലെ സത്യനി ഷേധികളുടെ വലിയ മുഖ്യൻമാരെ വധിച്ചപ്പോൾ അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സൂലൂലും അദ്ദേഹ ത്തിന്റെ കൂടെയുണ്ടായിരുന്ന ബഹുദൈവ വിശ്വാസി കളും വിഗ്രഹാരാധാകരും പറയാൻ തുടങ്ങി; ഇപ്പോ ൾ ഈ സംഘം പ്രതാപമുള്ളതായിത്തീർന്നിരിക്കു ന്നു. അവർ ഇസ്ലാമിൽ നിലകൊള്ളുന്നതിനായി ബൈഅത്തുചെയ്തു. അതായത് ബദർ യുദ്ധത്തിൽ വിജയിച്ചപ്പോൾ അവർ ഭയന്നു ഇസ്ലാം സ്വീകരി ക്കുകയും ചെയ്തു.

ഉഹദ് യുദ്ധാവസരത്തിൽ നബി(സ)തിരുമേനി മുസ്ലിംകളെ ഒരുമിച്ചു കൂട്ടുകയും ഖുറൈശിക ളോട് മദീനയിൽ തന്നെ നിന്നുകൊണ്ട് യുദ്ധം ചെ യ്യണമോ അതോ മദീനയുടെ പുറത്തുപോയി യുദ്ധം ചെയ്യണമോ എന്നതിനെ സംബന്ധിച്ച് അ ഭിപ്രായങ്ങൾ ആരായുകയും ചെയ്തു. അഭിപ്രാ യങ്ങൾ കേൾക്കുന്നതിനു മുൻപായി നബി(സ) തിരുമേനി പറഞ്ഞു; ഇന്നലെ രാത്രി സ്വപ്നത്തിൽ ഞാനൊരു പശുവിനെ കണ്ടു. അതുപോലെ എന്റെ വാളിന്റെ മുന ഒടിഞ്ഞിരിക്കുന്നു. പിന്നീട് ആ പശു അറുക്കപ്പെടുന്നതായും ഞാനെന്റെ കൈകൾ സു ശക്തമായ ഒരു കവചത്തിനകത്ത് പ്രവേശിപ്പിക്കു ന്നതായും കണ്ടു. പിന്നീട് ഞാനോരു ചെമ്മരിയാ ടിന്റെ പുറത്ത് യാത്രചെയ്യുകയാണ്. നബി(സ) തിരുമേനി ഇതിനെ വ്യാഖ്യാനിച്ചുകൊണ്ടു പറ ഞ്ഞു; പശു അറുക്കപ്പെടുന്നതുകൊണ്ട് ഉദ്ദേശിക്കു ന്നത് എന്റെ സ്വഹാബികളിൽ ചിലർ ശഹീദാകു മെന്നാണ്. എന്റെ വാൾമുന ഒടിയുന്നതുകൊണ്ട് എന്റെ പ്രിയപ്പെട്ട വരിൽ ആരെങ്കിലും ശഹീദാകും എന്നതിലേക്കുള്ള സൂചന യായി മനസ്സിലാകുന്നു. അല്ലെങ്കിൽ എനിക്ക് ഈ ദൗത്യ ത്തിനിടയിൽ വല്ല പ്രയാസവും ഉണ്ടായേക്കാം. യുദ്ധകവചത്തിനക ത്ത് കൈ പ്രവേശിക്കുന്നതുകൊണ്ട് ഞാൻ മനസ്സി ലാക്കുന്നത് ആ ആക്രമണത്തിനായി നാം മദീന യിൽ ത്തന്നെ നിൽക്കുന്നതാണ് ഉചിതം എന്നാ ണ്. ചെമ്മരിയാടിന്റെ പുറത്ത് സവാരി ചെയ്യുന്നതു കൊണ്ട് അർത്ഥമാക്കു ന്നത് സത്യനിഷേധികളുടെ സൈന്യത്തലവൻ മുസ്ലിംകളുടെ കൈകളാൽ വധിക്കപ്പെടുന്നതാണ് എന്നുമാണ്.

അതിനു ശേഷം നബി(സ)തിരുമേനി സ്വഹാബി കളോട് അഭിപ്രായങ്ങൾ ആവശ്യപ്പെട്ടു. മദീനയിൽ ത്തന്നെ നിന്നു കൊണ്ട് തന്നെ യുദ്ധം ചെയ്യുന്നതാ യിരിക്കും ഉചിതമെന്ന് ചില മുതിർന്ന സ്വഹാബി കൾ അഭിപ്രായപ്പെട്ടു. നബി(സ) തിരുമേനിക്ക് ആ അഭിപ്രായം ഇഷ്ടമായി. അവിടന്ന് പറഞ്ഞു, മദീ നക്കകത്തുതന്നെ നിന്നുകൊണ്ട് യുദ്ധം ചെയ്യുന്ന തായിരിക്കും ഉചിതമെന്നു മനസ്സിലാകുന്നു. എന്നാ ൽ ഭൂരിഭാഗം സ്വഹാബികളും പ്രത്യേകിച്ച് ബദ റിൽ പങ്കെടുക്കാത്ത യുവാക്കൾ വളരെ ശക്തമായി അഭിപ്രായപ്പെട്ടത് പട്ടണത്തിൽ നിന്നും മാറി തുറ ന്ന മൈതാനത്ത് ഏറ്റുമുട്ടാമെന്നായിരുന്നു. അവർ എത്ര മാത്രം ശക്തമായി ആവശ്യപ്പെട്ടുവെന്നാൽ അവരുടെ ആവേശം കണ്ടുകൊണ്ട് അവരുടെ അഭി പ്രായം അംഗീകരിച്ചു. തുറന്ന മൈതാനത്ത് വച്ചു

സത്യനിഷേധികളുമായി യുദ്ധം ചെയ്യാമെന്നു തീരുമാനിച്ചു. അതിനു ശേഷം അദ്ദേഹം അകത്തേക്കു പോയി തലപ്പാവു ധരിച്ച് ആയുധങ്ങളെടുത്ത് അല്ലാഹുവിന്റെ നാമം ചൊല്ലിക്കൊണ്ട് പുറത്തുവന്നു. ഇത്തരുണത്തിൽ ഔസ് ഗോത്രത്തിന്റെ നേതാവായിരുന്ന ഹദ്റത്ത് സഅദുബിൻ മആദും മറ്റു മുതിർന്ന സഹാബികളും ബോധവൽക്കരിച്ചതിന്റെ ഫലമായി യുവാക്കൾക്ക് തങ്ങളുടെ തെറ്റ് മനസ്സിലായി. നബി(സ)തിരുമേനിയുടെ അഭിപ്രായത്തിനെതിരായി സ്വന്തം അഭിപ്രായം പറയരുതായിരുന്നു.

അവർ ഒറ്റ സ്വരത്തിൽ പറഞ്ഞു; യാ റസൂലല്ലാഹ്, ഞങ്ങൾക്കു തെറ്റു പറ്റിപ്പോയി ഞങ്ങൾ താങ്കളുടെ അഭിപ്രായത്തിനെതിരായി സ്വന്തം അഭിപ്രായം പറഞ്ഞു. അതിനാൽ താങ്കൾക്ക് ഉചിതമായിത്തോന്നുന്നെന്താ ണോ അതനുസരിച്ചു പ്രവർത്തിച്ചു കൊള്ളണം. നബി(സ)പറഞ്ഞു; ഒരിക്കൽ ആയുധം ധരിച്ചു കഴിഞ്ഞാൽ പിന്നെ ദൈവകല്പനയില്ലാതെ അതഴിച്ചു വയ്ക്കുക എന്നത് അല്ലാഹുവിന്റെ പ്രവാചകന്റെ അന്തസ്സിനു ചേർന്നതല്ല. അതുകൊണ്ട് ഇപ്പോൾ അല്ലാഹുവിന്റെ നാമത്തിൽ പുറപ്പെടുക നിങ്ങൾ സഹനം കൈക്കൊള്ളുകയാണെങ്കിൽ അല്ലാഹുവിന്റെ സഹായം നിങ്ങളോടോപ്പമുണ്ടാകുമെന്ന് ഉറച്ചു വിശ്വസിക്കുക.

അടുത്ത ദിവസം ശവ്വാൽ 15, ഹിജ്റി 3ന് അന്ത്യയാമത്തിൽ ഇസ്‌ലാമിക സൈന്യം മുന്നോട്ടു നീങ്ങി പ്രഭാതമായതോടെ ഉഹദ് താഴ്‌വരയിലെത്തി. ഈ അവസരത്തിൽ കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാ ഹിബ്നു ഉബയ്യിബ്നു സൂലൂൽ വിശ്വാസവഞ്ചന കാണിക്കുകയും തന്റെ മുന്നൂറ് കൂട്ടാളികളോടൊപ്പം മുസ്‌ലിംകളുടെ സൈന്യത്തിൽ നിന്നും മാറി ഇതു പറഞ്ഞുകൊണ്ട് മദീനയിലേക്കു തിരിച്ചു-മുഹമ്മദ്(സ) എന്റെ വാക്ക് കേട്ടില്ല അനുഭവജ്ഞരല്ലാത്ത യുവാക്കളുടെ വാക്കുകൾ കേട്ട് പുറത്തേക്കിറങ്ങിയിരിക്കുകയാണ്. അതുകൊണ്ട് അദ്ദേഹത്തോടൊപ്പം പോയി യുദ്ധം ചെയ്യാൻ എനിക്കാവില്ല. ഇതു സംബന്ധമായി ഇനിയും വിവരിക്കാനുണ്ട്. അത് ഇൻശാ അല്ലാഹ് അടുത്ത ഖുത്ബയിൽ വിവരിക്കുന്നതാണ്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ ബഹുമാന്യ ഖ്വജാ റഷീദുദ്ദീൻ ഖമർ ഇബ്നു മൗലാനാ ഖമറുദ്ദീൻ മർഹൂം സാഹിബിന്റെ സൽഗുണങ്ങളെക്കുറിച്ച് വിവരിച്ചു. രോഗിയായിരുന്ന അദ്ദേഹം ഒക്ടോബർ 10ന് 86-ാം വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Giessen, Germany – on 18.10.2019
Malayalam Translation: **Moulavi Najmudheen** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516